# പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ. 287

12/12/2014-ൽ മറുപടിക്ക്

## കുടുംബശ്രീ പ്രവർത്തകർക്ക് പെൻഷൻ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.കുഞ്ഞിരാമൻ (ഉദുമ)<br>ശ്രീമതി.പി.അയിഷാ പോറ്റി<br>ശ്രീ. ആർ.രാജേഷ്<br>ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ | ഡോ.എം.കെ. മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) |
| (എ) കുടുംബശ്രീ പ്രവർത്തകർക്കായി നടപ്പാക്കാനുദ്ദേശിക്കുന്ന പെൻഷൻ പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) കുടുംബശ്രീ പ്രവർത്തകർക്കായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പെൻഷൻ പദ്ധതിയെ സംബന്ധിച്ച് ചർച്ചകൾ നടത്തിവരുന്നു. അന്തിമ തീരുമാനം ആയിട്ടില്ല. |
| (ബി) പ്രസ്തുത പദ്ധതി എന്നു മുതൽ നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്; | (ബി) 2015 - 16 സാമ്പത്തിക വർഷം മുതൽ നടപ്പിലാക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. |
| (സി) കുടുംബശ്രീ അംഗങ്ങൾക്കുള്ള കാരുണ്യശ്രീ പദ്ധതിയെക്കുറിച്ച് വ്യക്തമാക്കാമോ; | (സി) ഇത് കുടുംബശ്രീയിൽ നടപ്പിലാക്കിയിട്ടില്ല. |
| (ഡി) കുടുംബശ്രീ പ്രവർത്തകർക്കായി എന്തൊക്കെ പദ്ധതികളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദീകരിക്കാമോ? | (ഡി) കുടുംബശ്രീ പ്രവർത്തകർക്കായി പുനർജനി, അനുയാത്ര, മീഡിയാശ്രീ, ഇൻഷുറൻസ് പദ്ധതി, ക്രെഡിററ് ലിങ്കേജ്, റൂറൽ മൈക്രോ എന്റർപ്രൈസസ്, യുവശ്രീ, സ്കിൽ & പ്ലേസ്മെന്റ്, സാഗരശ്രീ, ഇന്ത്യൻ റെയിൽവേയുമായി സംയോജിച്ചുള്ള പാർക്കിംങ് സംവിധാനം, കഫേ കുടുംബശ്രീ എന്നീ പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. വിശദവിവരം അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

<u>അനുബന്ധം</u>

1. **പുനർജനി -** വിധവകൾ, വിവിധ സാമൂഹിക തിന്മകൾക്കിരയായ 35–50 നും ഇടയിലുള്ള അവിവാഹിതരായ അമ്മമാർ, വിവാഹപ്രായം കഴിഞ്ഞിട്ടും അവിവാഹിതരായി ജീവിക്കുന്നവർ, ഗാർഹിക പീഡനങ്ങൾക്കിരയായവർ, ഭർത്താവ് ഉപേക്ഷിച്ച് ഒറ്റപ്പെട്ട് ജീവിക്കുന്ന സ്ത്രീകൾ മുതലായവർക്ക് സ്വയം തൊഴിൽ പരിശീലനം നൽകി അവരെ പുനരധിവസിപ്പിക്കുന്ന പദ്ധതിയാണിത്. ആദ്യഘട്ടത്തിൽ താഴെപറയുന്ന തൊഴിൽ മേഖലയിലേയ്ക്കാണ് തിരഞ്ഞെടുത്ത് പരിശീലനം നൽകുന്നത്.

a. ഇലക്ട്രീഷൻ

b. പ്ലംബിംഗ്

c. പെയിന്റിംഗ്

d. ഡ്രൈവേഴ്സ്

e. തയ്യൽ

f. ഹോം നേഴ്സ്

g. സെയിൽസ് ഗേൾ

h. ആരോഗ്യ മേഖലയിലെ മറ്റു പ്രവർത്തനങ്ങൾ

I. നിർമ്മാണ മേഖല

j. ബ്യൂട്ടീഷൻ

k. സൗരോർജം

l. ഹോം കെയർ/അപ്പാർട്ട്മെന്റിലെ സേവന മേഖലകൾ

m. മാധ്യമ പരിശീലനം

n. ഗാർഹിക ഉപകരണങ്ങളുടെ റിപ്പയർ

o. മൊബൈൽ റിപ്പയർ

p.ടെലി ഫോൺ ഓപ്പറേറ്റർ

q.കെയർടേക്കർ തുടങ്ങിയ സേവന മേഖലകൾ

r.കൃഷി

s.മൃഗസംരക്ഷണം

2. **അനുയാത്ര** - കുടുംബശ്രീ പ്രസ്ഥാനത്തിന്റെ ജീവാത്മാവാണ് സിഡിഎസ് ചെയർപേഴ്സൺമാർ. കുടുംബശ്രീയുടെ പ്രവർത്തനങ്ങളിൽ അവരുടെ സാന്നിദ്ധ്യവും സഹായവും പിന്തുണയും അത്യന്താപേക്ഷിതമാണ്. വിവിധ പഞ്ചായത്തുകളിൽ രണ്ട് പ്രാവശ്യം സിഡിഎസ് ചെയർപേഴ്സൺമാരായി സേവനം അനുഷ്ഠിച്ചവർക്ക് വീണ്ടും മത്സരിക്കാൻ സാധിക്കാത്തതിനാൽ അവരെ ആദരിക്കുന്നതിനും അവരുടെ അനുഭവസമ്പത്ത് പൂർണ്ണമായും ഉപയോഗിച്ച് വിവിധങ്ങളായ പരിപാടികൾ ആസൂത്രണം ചെയ്യുന്നതിന് വേണ്ടി സംഘടിപ്പിച്ച പദ്ധതിയാണിത്.

3. **മീഡിയാശ്രീ** – കേരളത്തിൽ വിപ്ലവകരമായ മാറ്റങ്ങൾ സൃഷ്ടിച്ച കുടുംബശ്രീ ഇടപെടാത്ത മേഖലകളില്ല. അതേ സമയം മാധ്യമരംഗത്തെ ഇടപെടലുകൾ പലപ്പോഴും കുടുംബശ്രീക്ക് സാധ്യമായിരുന്നില്ല. ഇത്തരമൊരു സാഹചര്യത്തിൽ ഈയൊരു രംഗത്തേക്ക് കൂടി കുടുംബശ്രീ രംഗപ്രവേശം ചെയ്യുകയാണ് മീഡിയശ്രീയിലൂടെ. മാധ്യമപ്രവർത്തനത്തിൽ തല്പരരായ സ്ത്രീകളെ കണ്ടെത്തുകയാണ് മീഡിയശ്രീയുടെ ആദ്യഘട്ടം. ഇവർക്ക് മാധ്യമപ്രവർത്തനത്തിന്റെ വിശിഷ്യാ ദൃശ്യമാധ്യമത്തിന്റെ സാധ്യതകളെക്കുറിച്ച് അവബോധം സൃഷ്ടിക്കലാണ് ഈ ഘട്ടത്തിലൂടെ ലക്ഷ്യമിടുന്നത്. ജേർണലിസത്തിന്റെ അടിസ്ഥാന തീയറികൾക്കൊപ്പം മികച്ച പ്രായോഗിക പരിശീലനവും ഈ ഘട്ടത്തിൽ നൽകപ്പെടും. റിപ്പോർട്ടിംഗ്, സ്ക്രിപ്റ്റ് റൈറ്റിംഗ്, ക്യാമറ, എഡിറ്റിംഗ്, പോസ്റ്റ് പ്രൊഡക്ഷൻ എന്നിങ്ങനെ വ്യത്യസ്ത മേഖലകളിലാണ് തീയറി/പ്രാക്ടിക്കൽ പരിശീലനം നൽകേണ്ടത്.

ഇങ്ങനെ പരിശീലനം ലഭിച്ചവരെ ഉപയോഗിച്ചുള്ള പ്രാദേശിക വാർത്താശേഖരണവും വീഡിയോ പ്രൊഡക്ഷൻ പ്രവർത്തികളുമാണ് അടുത്ത ഘട്ടം. നിരന്തര പരിശീലനത്തിലൂടെ കഴിവ് തെളിയിക്കുന്നവരെ ഉപയോഗിച്ച് വരും ഭാവിയിൽ കുടുംബശ്രീയുടേതായ ടെലിവിഷൻ ചാനലും വാർത്താ പോർട്ടലും സ്ഥാപിക്കുന്നത് ഉൾപ്പടെയുള്ള സ്വപ്നങ്ങളാണ് മീഡിയാശ്രീ പങ്കു വക്കുന്നത്. ഇത്തരത്തിൽ മീഡിയാശ്രീ എന്ന ആശയം കുടുംബശ്രീക്കൊപ്പം നിന്ന് സ്ഥാപിത താൽപ്പര്യങ്ങൾ ഒന്നുമില്ലാത്ത യാഥാർത്ഥ്യമാക്കിത്തരാൻ

തയ്യാറായ ഏജൻസിയെ ആണ് കുടുംബശ്രീ തേടുന്നത്. ജേർണലിസം-വീഡിയോ പ്രൊഡക്ഷൻ-ക്യാമറ-എഡിറ്റിംഗ് എന്നിങ്ങനെ ദൃശ്യ-മാധ്യമത്തിന് ആവശ്യമായ സമസ്ത മേഖലകളിലും പരിശീലനം നൽകി വരുന്നതും കേരളത്തിലെ ടെലിവിഷൻ രംഗത്ത് പ്രവർത്തിച്ച് പരിചയമുള്ളതുമായ ഏജൻസിക്കാണ് മുൻഗണന. മികച്ച പ്രൊഫഷണലിസത്തിനൊപ്പം സാമ്പത്തികമായി അമിത താല്പര്യങ്ങളില്ലാത്ത ഏജൻസിക്കാണ് കുടുംബശ്രീ സംസ്ഥാനമിഷൻ അംഗീകാരം നൽകാൻ ഉദ്ദേശിക്കുന്നത്. ചുരുക്കത്തിൽ മാധ്യമ പരിശീലനവും ഒപ്പം മികച്ച ഒരു ടെലിവിഷൻ ചാനലും കുടുംബശ്രീയ്ക്കായി ഒരുക്കിത്തരാൻ പ്രാപ്തരായ ഏജൻസിയെ മീഡിയാശ്രീ പദ്ധതി ഏറ്റെടുക്കാനായി കുടുംബശ്രീ സംസ്ഥാന മിഷൻ പ്രതീക്ഷിക്കുന്നു.

**4.** **ഇൻഷുറൻസ് പദ്ധതി** - കുടുംബശ്രീയുടെ സാമ്പത്തിക ശാക്തീകരണ പദ്ധതികൾ മുഖേന ഒരു സാധാരണ കുടുംബം സാമ്പത്തിക പുരോഗതയിലേയ്ക്കു വരുമ്പോൾ, കുടുംബത്തിലെ വരുമാനം നേടുന്ന വ്യക്തിയുടെ അഭാവമോ, മരണമോ ഈ കുടുംബത്തെ വീണ്ടും പഴയ അവസ്ഥയിലേയ്ക്ക് എത്തിക്കുകയും അവരുടെ സാമ്പത്തിക പുരോഗതിയെ പിന്നോക്കം വലിക്കുകയും ചെയ്യുന്നു. അതുകൊണ്ടു തന്നെയാണ് അംഗങ്ങളുടെ ഇൻഷുറൻസ് പരിരക്ഷ കുടുംബശ്രീ വളരെ ഗൗരവത്തോടെ കണ്ടുകൊണ്ട് അയൽക്കൂട്ടാംഗങ്ങളായ വനിതകളുടെ ജീവന് പരിരക്ഷ നൽകുകയും അവരുടെ 9 മുതൽ 12 ക്ലാസുവരെ പഠിക്കുന്ന രണ്ടു കുട്ടികൾക്ക് പ്രതിവർഷം സ്കോളർഷിപ്പ് ലഭ്യമാക്കുകയും ചെയ്യുന്ന 'സ്ത്രീ സുരക്ഷാ ബീമാ യോജന' ഇൻഷുറൻസ് പദ്ധതിക്ക് പ്രാരംഭം കുറിച്ചിട്ടുള്ളത്. കുടുംബശ്രീയും ലൈഫ് ഇൻഷ്വറൻസ് കോർപ്പറേഷൻ ഓഫ് ഇന്ത്യയും സംയുക്തമായാണ് ഇൻഷുറൻസ് പദ്ധതി നടപ്പിലാക്കുന്നത്.

**ഇൻഷുറൻസ് പദ്ധതിയുടെ സവിശേഷതകൾ:-**

- 18 മുതൽ 59 വയസ്സുവരെയുള്ള കുടുംബശ്രീ അയൽക്കൂട്ട അംഗങ്ങൾക്ക് പദ്ധതിയിൽ പങ്കുചേരാം.
- പദ്ധതിയിൽ പങ്കെടുക്കുന്നതിനുള്ള വാർഷിക പ്രീമിയമായ 250 രൂപയിൽ 100/- രൂപ കേന്ദ്ര സർക്കാർ വിഹിതമാണ്. ആയതിനാൽ അംഗങ്ങൾ വാർഷിക പ്രീമിയമായി 150 രൂപ മാത്രം
- 150 രൂപ വാർഷിക പ്രീമിയം അടച്ച് പദ്ധതിയിൽ അംഗങ്ങളാകുന്ന 18 മുതൽ 59

വയസ്സുവരെയുള്ള അയൽക്കൂട്ടാംഗങ്ങൾക്ക് താഴെപ്പറയുന്ന സാമ്പത്തിക സഹായങ്ങൾ ലഭ്യമാകുന്നു.

*.സ്വാഭാവിക മരണം സംഭവിച്ചാൽ 50,000 രൂപ കുടുംബത്തിന് ലഭ്യമാകുന്നു.

*.അപകട മരണം സംഭവിച്ചാൽ 95,000 രൂപ കുടുംബത്തിന് ലഭ്യമാകുന്നു.

*.അപകടം മൂലം സ്ഥിരമായ അംഗവൈകല്യം സംഭവിക്കുകയാണെങ്കിൽ 75,000 രൂപ ലഭിക്കുന്നു

*.അപകടം മൂലം ഭാഗീകമായ അംഗവൈകല്യം സംഭവിക്കുകയാണെങ്കിൽ 37,500 രൂപ ലഭിക്കുന്നു.

*.ഇതിനു പുറമേ പദ്ധതിയിൽ അംഗങ്ങളാകുന്ന അയൽക്കൂട്ടാംഗങ്ങളുടെ 9 മുതൽ 12 ക്ലാസുവരെ പഠിക്കുന്ന 2 കുട്ടികൾക്ക് പ്രതിവർഷം 12,00/- സ്കോളർഷിപ്പും നൽകുന്നു.

സാധാരണ ഗതിയിൽ 60 വയസ്സു വരെ പ്രായമുള്ളവരെ മാത്രമാണ് ഇൻഷുറൻസ് പദ്ധതിയിൽ ഉൾപ്പെടുത്താറുള്ളത്. എന്നാൽ കുടുംബശ്രീക്കു വേണ്ടിയുള്ള ഈ പ്രത്യേക പദ്ധതിയിൽ എൽ.ഐ.സിയുമായുള്ള പ്രത്യേക തീരുമാന പ്രകാരം 75 വയസ്സുവരെയുള്ളവരെയും ഉൾപ്പെടുത്തിയിരിക്കുന്നു. ഇവർക്കു മരണം സംഭവിച്ചു കഴിഞ്ഞാൽ സാമ്പത്തിക സഹായം കുടുംബത്തിനു ലഭ്യമാക്കുന്നതാണ്. 60 മുതൽ 65 വയസ്സുവരെയുള്ളവർക്ക് 9,000 രൂപയും, 66 മുതൽ 70 വയസ്സുവരെയുള്ളവർക്ക് 6,000 രൂപയും, 71 മുതൽ 75 വയസ്സുവരെയുള്ളവർക്ക് 4,000 രൂപയുമാണ് പദ്ധതി വഴി സാമ്പത്തിക സഹായം ലഭ്യമാകുന്നത്. ഇതു കൂടാതെ കുടുംബശ്രീ അയൽക്കൂട്ട അംഗങ്ങൾക്കായുള്ള പെൻഷൻ പദ്ധതിയും 2015-16 സാമ്പത്തിക വർഷം നടപ്പാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ട്.

5. **ക്രെഡിറ്റ് ലിങ്കേജ്** - ആറ് മാസം പ്രവർത്തനം പൂർത്തിയാക്കിയ അയൽക്കൂട്ട ങ്ങളെ സി.ഡി.എസ്സിന്റെ നേതൃത്വത്തിൽ ബാങ്ക് ഗ്രേഡ് ചെയ്യുന്നു.

(ഗ്രേഡിംഗ് ഫോം അനുബന്ധം-1) 80% മാർക്ക് നേടുന്ന അയൽക്കൂട്ടങ്ങൾക്ക്, ഒന്നാം ഘട്ടത്തിൽ സമ്പാദ്യ തുകയുടെ ഇരട്ടിതുക ബാങ്ക് നിശ്ചയിക്കുന്ന പലിശ നിരക്കിൽ സി.ഡി.എസ്. മുഖേന നല്കുന്നു. തിരിച്ചടവ് പൂർത്തിയാക്കുന്ന മുറയ്ക്ക് ഘട്ടം ഘട്ട മായി സമ്പാദ്യത്തുകയുടെ ആറ് ഇരട്ടിവരെ മിതമായ പലിശ നിരക്കിൽ അയൽക്കൂട്ടാംഗങ്ങൾക്ക് വായ്പയായി ലഭ്യമാകുന്ന പദ്ധതിയാണിത്. അയൽക്കൂട്ടാം ഗങ്ങളുടെ ഏതാവശ്യങ്ങൾക്കും ഈ തുക വിനിയോഗിക്കാവുന്നതാണ്. കുടുംബശ്രീ അയൽക്കൂട്ടാംഗങ്ങൾക്ക് ഏതെങ്കിലും ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള സാമ്പത്തിക ബാദ്ധ്യത ഉണ്ടാകകയാണെങ്കിൽ (വായ്പാ തിരിച്ചടവ്) അവരെ സഹായിക്കുന്നതിന് വേണ്ടി നടപ്പിലാക്കുന്ന ഇൻഷുറൻസ് സ്കീമാണിത്.

6 **ആർ.എം.ഇ.** – കുടുംബശ്രീ അയൽക്കൂട്ടങ്ങളിലെ വനിതകൾക്ക് സുസ്ഥിരമായ ഒരു വരുമാന മാർഗ്ഗം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ മൈക്രോ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള അവസരമൊരുക്കുകയാണ് ഗ്രാമീണ മൈക്രോ സംരംഭ പദ്ധതി വഴി ചെയ്യുന്നത്. അയൽക്കൂട്ട അംഗങ്ങളോ അവരുടെ കൂടുംബാംഗങ്ങളായ വനിതകൾക്കോ സ്വയം തൊഴിൽ സംരംഭം ആരംഭിക്കുന്നതിന് ഗ്രാമീണ ഗ്രാമീണ മൈക്രോ സംരംഭ പദ്ധതി പ്രയോജനപ്പെടുത്താവുന്നതാണ്.അയൽക്കൂട്ട അംഗങ്ങളോ അവരുടെ കൂടുംബാംഗങ്ങളായ വനിതകളോ, ഗുണഭോക്താക്കൾആയ കുറഞ്ഞത് ആറു മാസമെങ്കിലും അയൽക്കൂട്ടഅംഗത്വം ഉള്ളവർ ആയിരിക്കണം.കുറഞ്ഞത് നാലുക്ലേശഘടകങ്ങൾ എങ്കിലും ബാധകമായിരിക്കണം. സംരംഭം ആരംഭിക്കുന്നതിനുള്ള താത്പര്യവും സംരംഭകത്വ പരിശീലന പരിപാടികളിൽ പങ്കെടുക്കാൻ സന്നദ്ധതയും ഉള്ളവരായിരിക്കണം. 2002-03 സാമ്പത്തിക വർഷം മുതലാണ് കുടുംബശ്രീ സൂക്ഷ്മ സംരഭങ്ങൾക്കായി പദ്ധതിയിൽ ഉൾപ്പെടുത്തി സാമ്പത്തിക സഹായം നൽകി വരുന്നത്. ആർഎംഇ പദ്ധതി പ്രധാനമായും സ്ത്രീകൾക്ക് സൂക്ഷ്മ സംരംഭം ആരംഭിക്കുന്നതിനുള്ളതാണ്. 18 മുതൽ 55 വയസ്സുവരെയുള്ള കുടുംബശ്രീ അയൽക്കൂട്ടാംഗങ്ങൾക്കോ അംഗത്വമുള്ള കുടുംബങ്ങളിലുള്ള സ്ത്രീകൾക്കോ മാത്രം ഉള്ളതാണ്.

7. **യുവശ്രീ** – കുടുംബശ്രീ കുടുംബങ്ങളിലെ അഭ്യസ്തവിദ്യരും തൊഴിൽരഹിതരുമായ യുവതി യുവാക്കൾക്ക് തൊഴിലവസരം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ 2005 മുതൽ കുടുംബശ്രീ നടപ്പിലാക്കി വരുന്ന പ്രത്യേക സൂക്ഷ്മ സംരംഭ തൊഴിൽ പദ്ധതിയാണ് യുവശ്രീ. കുടുംബശ്രീ കുടുംബങ്ങളിലെ 18-35 വയസ്സ് പ്രായപരിധിയിൽ ഉള്ള പുരുഷന്മാർക്കും സ്ത്രീകൾക്കും യുവശ്രീ ആരംഭിക്കാവുന്നതാണ്. ആർഎംഇ-യുവശ്രീ പദ്ധതി പ്രകാരം വ്യക്തിഗത/ഗ്രൂപ്പായി സംരംഭങ്ങൾ ആരംഭിക്കാവുന്നതാണ്. വ്യക്തിഗത സംരംഭമാണെങ്കിൽ വ്യക്തിയൊന്നിന് 7500/ രൂപയോ, അല്ലെങ്കിൽ പദ്ധതി തുകയുടെ 30% മോ ഏതാണോ കുറവ് അത് സബ്സിഡിയായി മിഷൻ നൽകുന്നു. ഗ്രൂപ്പ് സംരംഭമാണെങ്കിൽ ഒരാൾക്ക് 10,000/-രൂപ എന്ന നിലയിലോ അല്ലെങ്കിൽ പദ്ധതി തുകയുടെ 50% മോ ഏതാണോ കുറവ് അത് സബ്സിഡിയായി നൽകുന്നു. നടപ്പ് സാമ്പത്തിക വർഷം മേൽ പദ്ധതികളിലൂടെ 800 സൂക്ഷ്മ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള സഹായം ലഭ്യമാക്കുന്നതിനാണ് കുടുംബശ്രീ ലക്ഷ്യമിടുന്നത്

8. **എസ്.ജെ.എസ്.ആർ.വൈ.** – കേന്ദ്രാവിഷ്കൃത പദ്ധതിയായ സുവർണ്ണ ജയന്തി ഷഹരി റോസ്ഗാർ യോജന (എസ്സ്.ജെ.എസ്സ്.ആർ.വൈ) പ്രകാരം നഗരത്തിലെ തൊഴിലില്ലാത്തവരും ഭാഗികമായി തൊഴിലുള്ളവരുമായ പാവപ്പെട്ടവർക്ക് വ്യക്തിഗത/ ഗ്രൂപ്പ് തൊഴിൽ സംരംഭങ്ങളിലൂടെയും, വേതനം നല്കാവുന്ന

തൊഴിൽ അവസരങ്ങളിലൂടെയും തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുകയും, അവയുടെ സുസ്ഥിരത ഉറപ്പുവരുത്തുകയുമാണ് എസ്.ജെ.എസ്.ആർ.വൈ. പദ്ധതിയുടെ ലക്ഷ്യം. കൂടാതെ വിപണി സാധ്യത മുന്നിൽ കണ്ട്കൊണ്ട് തൊഴിൽ അവസരങ്ങൾ ശരിയായി വിനിയോഗിക്കുന്നതിനും സ്വയം തൊഴിൽ സംരംഭങ്ങൾ തുടങ്ങുന്നതിനും വിദഗ്ദ്ധ പരിശീലനം നല്കുകയും അയൽക്കൂട്ടം, സി.ഡി.എസ്. എന്നീ സാമൂഹ്യ സംഘടനാ സംവിധാനം ഉപയോഗപ്പെടുത്തി സാമൂഹ്യ ശാക്തീകരണത്തിലൂടെ നഗര ദാരിദ്ര്യ നിർമ്മാർജ്ജനം സാധ്യമാക്കുകയുമാണ് എസ്.ജെ.എസ്.ആർ.വൈ.യിലൂടെ ലക്ഷ്യമിടുന്നത്. നഗരവികസനവുമായി ബന്ധപ്പെട്ട കേന്ദ്രാവിഷ്കൃത പദ്ധതിയാണിത്. ഈ വർഷം ഈ പദ്ധതി അവസാനിക്കുകയാണ്. സംസ്ഥാനത്ത് നഗരദാരിദ്ര്യ നിർമ്മാർജ്ജനം ലക്ഷ്യമാക്കി നടപ്പിൽ വരുത്തിയിരുന്ന എസ്.ജെ.എസ്.ആർ.വൈ.യിൽ മാറ്റങ്ങൾ വരുത്തി നാഷണൽ അർബൻ ലൈവ്ലിഹുഡ് മിഷൻ എന്ന പേരിൽ പുതിയ പദ്ധതി ഇതിനുപകരമായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. നഗര പ്രദേശങ്ങളിലെ തൊഴിൽ രഹിതരായ യുവതി-യുവാക്കളെ അനുയോജ്യമായ തൊഴിൽ പരിശീലനം നൽകുകയും അതിലൂടെ ഉപജീവനം കണ്ടെത്തുന്നതിന് അവരെ സഹായിക്കുകയെന്നതാണ് ലക്ഷ്യം. തെരുവു കച്ചവടക്കാരെ പുനരധിവസിപ്പിക്കുന്നതിനുള്ള പദ്ധതിയും ഇതിലുൾപ്പെടുന്നു. സാഹചര്യങ്ങൾക്കും അഭിരുചികൾക്കും നൈപുണികൾക്കും അനുരൂപമായ, മെച്ചപ്പെട്ട സ്വയം തൊഴിൽ സംരംഭങ്ങൾ/ ലഘുസംരംഭങ്ങൾ ഇവ ആരംഭിക്കുന്നതിനും, പരിശീലനങ്ങൾക്കും മറ്റുമായി നഗരപ്രദേശങ്ങളിലെ പാവപ്പെട്ടവർക്ക് ധനസഹായം നൽകുന്നതിന് ഊന്നൽ നൽകുന്നു. കൂടാതെ പാവപ്പെട്ടവരുടേതായ സ്വയംസഹായക സംഘങ്ങൾ (എസ്എച്ച്ജി) ക്ക് ബാങ്ക് വായ്പകൾ ലഭ്യമാക്കുക, പലിശകൾക്ക് സബ്സിഡി ലഭ്യമാക്കുക എന്നിവയും ഇതിന്റെ ലക്ഷ്യങ്ങളിൽ പെടുന്നു. ഇവയ്ക്ക് പുറമേ വ്യക്തിഗത സംരംഭങ്ങൾ കൂട്ടുസംരംഭങ്ങൾ, എസ്.എച്ച്.ജി. അംഗങ്ങൾ, നഗരങ്ങളിലെ വഴിയോര കച്ചവടക്കാർ എന്നിവർക്ക് സാങ്കേതിക വിദ്യകൾ, വിപണന സേവനങ്ങൾ ഇവ ലഭ്യമാക്കുകയെന്നതും ഈ ഘടകത്തിന്റെ ഉദ്ദേശമാണ്. സംരംഭകർക്ക് ക്രെഡിറ്റ് കാർഡ് ലഭിക്കുന്നത് സുസാധ്യമാക്കുകയെന്നത് ഈ പദ്ധതിയുടെ മറ്റൊരു ലക്ഷ്യമാണ്.

9. **ദീൻ ദയാൽ ഉപാദ്ധ്യായ - ഗ്രാമീണ കൗശല്യ യോജന** (DDUGKY). -

കുടുംബശ്രീ കുടുംബാംഗങ്ങളായ യുവതി യുവാക്കൾക്ക് വേണ്ടി ദേശീയ ഗ്രാമീണ ഉപജീവന മിഷൻ (എൻ.ആർ.എൽ.എം) ന്റെ കീഴിൽ കുടുംബശ്രീ മുഖേന നടപ്പിലാക്കുന്ന പദ്ധതിയാണ് ദീൻ ദയാൽ ഉപാദ്ധ്യായ - ഗ്രാമീണ കൗശല്യ യോജന. ഗുണഭോക്താക്കൾക്ക് അവരുടെ വിദ്യാഭ്യാസ യോഗ്യതക്കും അഭിരുചിക്കും ഉതകുന്ന പരിശീലനം നൽകി അവർക്ക് അർഹമായ തൊഴിൽ ഈ പദ്ധതിയിലൂടെ ഉറപ്പുവരുത്തുന്നു. പദ്ധതി പ്രകാരം ഗ്രാമീണ മേഖലയിൽ

കണ്ടെത്തുന്ന ദരിദ്ര്യ കുടുംബങ്ങളിലെ 18 നും 35 നും ഇടയിൽ പ്രായമുള്ള അംഗങ്ങളാണ് ഇതിന്റെ ഗുണഭോക്താക്കൾ. പട്ടിക വർഗ്ഗക്കാർ, വൈകല്യമുള്ളവർ എന്നിവർക്ക് 45 വയസ്സുവരെ ഇളവ് അനുവദനീയമാണ്. കഴിഞ്ഞ മൂന്ന് വർഷങ്ങളിലെ തൊഴിലുറപ്പ് പദ്ധതികളിൽ 35 തൊഴിൽ വീതം ഓരോ വർഷവും പൂർത്തിയാക്കിയവർക്ക് മുൻഗണന.

സംസ്ഥാനത്തെ വിദഗ്ധ പരിശീലന സ്ഥാപനങ്ങളുടെ സഹായത്തോടെ വിവിധ തൊഴിൽ ഉടമകളുമായി സഹകരിച്ചാണ് ഈ പദ്ധതി നടപ്പാക്കുന്നത്. ഇതനുസരിച്ച് അംഗീകൃത വിദ്യാഭ്യാസ സ്ഥാപനങ്ങൾ, കമ്പനികൾ, തൊഴിലധിഷ്ഠിത പരിശീലന സ്ഥാപനങ്ങൾ, സ്വയം സഹായ സംഘങ്ങളുടെ ഫെഡറേഷനുകൾ, സർക്കാർ – അർദ്ധ സർക്കാർ സ്വയം ഭരണ സ്ഥാപനങ്ങൾ എന്നിവയാകും ഈ പദ്ധതിയിലുൾപ്പെട്ട് കുടുംബശ്രീയുമായി സഹകരിക്കുക.

10. **സാഗരശ്രീ** - ദാരിദ്ര്യ നിർമ്മാർജ്ജനവും സ്ത്രീശാക്തീകരണവും ലക്ഷ്യമിട്ട് ആരംഭിച്ച കുടുംബശ്രീ പ്രസ്ഥാനം ദരിദ്ര്യസ്ത്രീകൾക്ക് വിവിധ ഉപജീവന മാർഗ്ഗങ്ങൾ കണ്ടെത്താൻ സഹായിക്കുന്നുണ്ട്. ദരിദ്രരിൽ തന്നെ കൂടുതൽ അവശതയനുഭവിക്കുന്ന വിഭാഗങ്ങളാണ് ആദിവാസികളും തീരദേശവാസികളും. ആദിവാസികൾക്ക് പ്രത്യേക പ്രോജക്ടുകൾ കുടുംബശ്രീ നടത്തിവരുന്നുണ്ട്. തീരദേശവാസികളായ സ്ത്രീകളെ മാത്രം കേന്ദ്രീകരിച്ച് ആദ്യമായി കുടുംബശ്രീ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതിയാണ് സാഗരശ്രീ. ഈ പദ്ധതികൊണ്ട് മുഖ്യമായും 2 ലക്ഷ്യങ്ങളാണ് കരഗതമാക്കാൻ ഉദ്ദേശിക്കുന്നത്. ഒന്നാമതായി തീരദേശവാസി കുടുംബങ്ങൾക്ക് ഒരു ഉപജീവനമാർഗ്ഗം കണ്ടെത്തി കൊടുക്കുക. രണ്ടാമതായി പൊതുജനങ്ങൾക്ക് ആരോഗ്യപ്രദമായ എന്നാൽ ന്യായമായ വിലയ്ക്ക് ഭക്ഷണം നല്കുക. വാഹനസൗകര്യം വർദ്ധിച്ചതോടുകൂടി യാത്രക്കാരുടെ എണ്ണം ക്രമാനുഗതമായി വർദ്ധിച്ചുവരികയാണ്. പൈതൃക ഭക്ഷണം ന്യായമായ വിലയ്ക്ക് ലഭിക്കുന്ന സ്ഥലങ്ങൾ കുറവാണ്. ഈ വിടവു നികത്തുവാൻ കുടുംബശ്രീയുടെ ഇടപെടലാണ് സാഗരശ്രീ.

11. **ഇന്ത്യൻ റെയിൽവേ ഡിപ്പാർട്ട്മെന്റുമായി സംയോജിച്ചുള്ള പാർക്കിംങ് സംവിധാനം** – സ്ത്രീ യാത്രക്കാരെ സഹായിക്കുന്നതിനും സാധാരണക്കാരായ തൊഴിൽ ഇല്ലാത്ത സ്ത്രീകൾക്ക് ഒരു ഉപജീവനമാർഗ്ഗം കണ്ടെത്തുന്നതിനും വേണ്ടി രൂപീകരിച്ച ഒരു പദ്ധതിയാണിത്.

12. **കഫേ കുടുംബശ്രീ** - അതിഥി സൽക്കാരമേഖലയിൽ സമഗ്രമായ മാറ്റം സൃഷ്ടിച്ച്കൊണ്ടുള്ള കുടുംബശ്രീയുടെ ഉപബ്രാന്റാണ് കഫേ കുടുംബശ്രീ.

പരമ്പരാഗതമായ രുചികൂട്ടുകൾ കേരളത്തനിമയോടുകൂടി ഉപഭോക്താക്കളിലേയ്ക്ക് എത്തിക്കുന്നു. എസ്.ജെ.എസ്.ആർ.വൈ. പദ്ധതിയുടെ ഭാഗമായി വിവിധ ജില്ലകളിൽ ഹോട്ടൽമേഖലകളിൽ സ്ത്രീകൾക്ക് പ്രാമുഖ്യം നൽകിക്കൊണ്ട് നടപ്പിലാക്കുന്ന പദ്ധതിയാണിത്. കഫേ കുടുംബശ്രീക്ക് ലഭ്യമായ സ്വീകാര്യത പ്രയോജനപ്പെടുത്തി കുടുംബശ്രീ മിഷൻ 14 ജില്ലാ കേന്ദ്രങ്ങളിൽ ഔട്ട്ലെറ്റുകൾ സജ്ജമാക്കുന്നതിന് 2014-15 സാമ്പത്തിക വർഷത്തിൽ ലക്ഷ്യമിടുന്നു.